(ഡി) അല്ല. ഈ നെല്ല് സംസ്കരിച്ച് കിട്ടിയ അരി ബി.പി.എൽ. പദ്ധതിക്കു പുറമെ, എ.പി.എൽ., എ.എ.വൈ., അന്നപൂർണ്ണ എന്നീ പദ്ധതി പ്രകാരവും വിതരണം നടത്തിയിട്ടുണ്ട്.

(ഇ) റേഷൻ കടകൾക്ക് നൽകിയ അരി തന്നെയാണോ കാർഡുകാർക്ക് നൽകിയതെന്ന് ഉറപ്പാക്കുന്നതിനുള്ള സംവിധാനം സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ ഇപ്പോൾ നിലവിലില്ല. എന്നാൽ പൊതുവിതരണത്തിനുള്ള അരിയുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി എഫ്.സി.ഐ., സിവിൽ സപ്ലൈസ് വകുപ്പ്, സിവിൽ സപ്ലൈസ് കോർപ്പറേഷൻ എന്നിവയിലെ ഉദ്യോഗസ്ഥർ ഉൾപ്പെട്ട സംഘം സംയുക്തമായി റെയ്ഡുകൾ നടത്തുകയും എന്തെങ്കിലും ക്രമക്കേട് കണ്ടെത്തുന്നപക്ഷം ആയത് അധികാരികളെ അറിയിച്ച് നടപടി സ്വീകരിക്കുകയും ചെയ്തുവരുന്നു. ഇതുകൂടാതെ സിവിൽ സപ്ലൈസ് വകുപ്പിലെ ഉദ്യോഗസ്ഥർക്ക് റേഷൻ കടകളിലൂടെ വിതരണം ചെയ്യുന്ന അരിയുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

സിവിൽ സപ്ലൈസ് കോർപ്പറേഷൻ സംഭരിച്ച നെല്ല് അരിയാക്കി വിതരണം ചെയ്യുന്ന രീതി

135 [448] ശ്രീ. വി. ഡി. സതീശൻ:
„ എ. കെ. മണി:
„ ജി. കാർത്തികേയൻ:
„ കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷൻ സംഭരിച്ച നെല്ല് അരിയാക്കി എത്ര റേഷൻ കടകൾ വഴിയാണ് വിതരണം ചെയ്തത്;

(ബി) റേഷൻ കടകളിൽ അരി ആവശ്യപ്പെട്ടുചെന്ന എല്ലാ കാർഡുടമകൾക്കും പ്രസ്തുത അരി വിതരണം ചെയ്തു എന്നുറപ്പാക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(സി) നാടൻ അരി റേഷൻ കടകൾ വഴി വിതരണം ചെയ്യുമ്പോൾ ആ വിവരം പത്രവാർത്തകളിലൂടെയും കാർഡുടമകളെ അറിയിക്കുവാൻ നടപടിയെടുക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് 8 ജില്ലകളിലെ 8241 റേഷൻ കടകൾ വഴിയാണ് നെല്ല് സംഭരണം വഴി ലഭിച്ച അരി വിതരണം ചെയ്തത്.

(ബി) ജില്ലകളിലേയ്ക്ക് അലോട്ടുചെയ്ത അരി മുഴുവൻ എടുക്കുകയും എല്ലാ റേഷൻ കടകളിലും ലഭ്യത ഉറപ്പാക്കുകയും ചെയ്തിട്ടുണ്ട്. സുഗമമായ വിതരണം ഉറപ്പാക്കുന്നതിനാവശ്യമായ പരിശോധനകളും മറ്റ് നടപടികളും സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) നാടൻ അരി റേഷൻ കടകൾ വഴി വിതരണം നടത്തുമ്പോൾ പത്രമാധ്യമം വഴി കാർഡുടമകളെ അറിയിക്കാറുണ്ട്.

സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ നെല്ല് സംഭരണം

136 [449] ശ്രീ. റോഷി അഗസ്റ്റിൻ:

" കെ. നാരായണക്കുറുപ്പ്:

" തോമസ് ചാഴികാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ വർഷം സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി എത്ര ക്വിന്റൽ നെല്ല് സർക്കാർ സംഭരിച്ചു എന്നറിയിക്കാമോ;

(ബി) ഇത് മുഖേന എത്രമാത്രം സാമ്പത്തിക നേട്ടം കാർഷിക രംഗത്ത് ലഭ്യമായി എന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ;

(സി) ഇടനിലക്കാരുടെ ചൂഷണത്തിൽ നിന്നും കർഷകരെ രക്ഷിക്കാൻ കഴിയുന്ന ഈ സംരംഭം ഒരു സ്ഥിരം സംവിധാനം ആക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കഴിഞ്ഞ വർഷം വിവിധ സംഭരണ ഏജൻസികളിൽ നിന്ന് 521422 ക്വിന്റൽ നെല്ലും, കഴിഞ്ഞ സീസണിൽ കർഷകരിൽ നിന്ന് നേരിട്ട് 603655.5 ക്വിന്റൽ നെല്ലും സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി സർക്കാർ സംഭരിച്ചു (ആകെ 1125077.50 ക്വിന്റൽ).

(ബി) ഏകദേശം 17 കോടി രൂപയുടെ നേട്ടം കൃഷിക്കാർക്ക് ലഭിച്ചിട്ടുണ്ട്.

(സി) ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശൂർ, പാലക്കാട് എന്നീ ജില്ലകളിൽ സപ്ലൈസീസണിൽ വിപണി വില 7 രൂപയിൽ താഴ്ന്നുനിൽക്കുന്ന പ്രദേശങ്ങളിൽ നിന്നും നെല്ല് സംഭരിക്കുവാൻ 6-9-2005-ലെ 32/05/എഫ്.സി.എസ്. & സി.എ.ഡി. സർക്കാർ ഉത്തരവ് പ്രകാരം കോർപ്പറേഷൻ നടപടി എടുത്തിട്ടുണ്ട്. ഈ സംരംഭം ഒരു സ്ഥിര സംവിധാനമാക്കുന്നത് സംബന്ധിച്ച് ഇതുവരെ സർക്കാർ തലത്തിൽ തീരുമാനമൊന്നും കൈക്കൊണ്ടിട്ടില്ല.

സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പ്രവർത്തനം സംബന്ധിച്ച് ഓഡിറ്റിൽ കണ്ടെത്തൽ

137 [450] ശ്രീ. ടി. എം. തോമസ്:

" ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly